Malappuram District Police

## 06/03/2018 കൊണ്ടോട്ടി

രേഖകളില്ലാതെ കാറിൽ കടത്തുകയായിരുന്ന 70 ലക്ഷം രൂപയുമായി രണ്ടുപേർ കൊണ്ടോട്ടി പോലീസിന്റെ പിടിയിലായി. മൊറയൂർ വാലഞ്ചേരി പാറേംകുത്ത് മുഹമ്മദ് ബഷീർ (48), കിഴിശ്ശേരി തവനൂർ പേങ്ങാട്ടില് സൽമാനുല് ഫാരിസ് (27) എന്നിവരെയാണ് പിടികൂടിയത്.

ബെംഗളൂരു, മംഗളൂരു, കൊണ്ടോട്ടി, പെരിന്തൽമണ്ണ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് കുഴൽപ്പണ ഇടപാട്ː നടത്തുന്ന വൻസംഘത്തിലെ പ്രധാനകണ്ണികളാണ് ഇരുവരുമെന്ന് പോലീസ് പറഞ്ഞു. മംഗലാപുരത്തുനിന്ന് കാറിൽ കൊണ്ടുവരുന്നതിനിടെ ജില്ലാ അതിർത്തിയായ പതിനൊന്നാംമൈലിൽനിന്നാണ് കുഴൽപ്പണം പിടികൂടിയത്. ജില്ലാപോലീസ് മേധാവി ദേബേഷ്കുമാര് ബഹ്റക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ വാഹനപരിശോധനയ്ക്കിടെയാണ് ഇരുവരും പിടിയിലായത്. മംഗലാപുരത്ത് സ്വർണം വിറ്റ് ലഭിച്ച പണമാണ് കുഴൽപ്പണ വിതരണത്തിന് കൊണ്ടുവന്നതെന്ന് പ്രതികൾ പോലീസിനോട് പറഞ്ഞു.

മലപ്പുറം ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു. പ്രതികൾക്ക് അന്താരാഷ്ട്ര സംഘങ്ങളുമായുള്ള ബന്ധം അന്വേഷിച്ചുവരികയാണെന്ന് ഇൻസ്പെക്ടര് എം. മുഹമ്മദ് ഹനീഫ പറഞ്ഞു. ഡിവൈ.എസ്.പി. ജലീൽ തോട്ടത്തിലിന്റെ നിർദേശപ്രകാരം എം. മുഹമ്മദ് ഹനീഫ, എസ്.ഐ. കെ.ആർ. രഞ്ജിത്, എ.എസ്.ഐ. അബ്ദുൾമജീദ്, സുലൈമാൻ, രതീഷ്, തൗഫീഖുള്ള മുബാറക്, സെയ്ദ് ഫസലുള്ള, അബ്ദുൾ ജബ്ബാര് എന്നിവരടങ്ങിയ സംഘമാണ് കുഴൽപ്പണം പിടികൂടിയത്.